**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128** **31-01-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് കുടിശിക അടച്ച് തീർക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജ് കുടിശിക ഇനത്തിൽ എത്ര രൂപയാണ് അടയ്ക്കാനുള്ളത്; കുടിശിക വരുത്തിയതിനാൽ വാട്ടർ അതോറിറ്റിയുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; കുടിശിക ഉണ്ടാകാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | 31/12/2023 വരെ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകുവാനുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശിക 1718.02 കോടി രൂപയാണ്.<br><br>സംസ്ഥാനത്തെ കുടിവെള്ള വിതരണത്തെ സാരമായി ബാധിക്കുമെന്നതിനാൽ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഉണ്ടെങ്കിലും കണക്ഷൻ വിച്ഛേദിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചില്ല.<br><br>കേരളാ വാട്ടർ അതോറിറ്റി അതിന്റെ പ്രാരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിനു ഒരു പരിധി വരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 24.39 രൂപ വരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 13.99 രൂപ മാത്രമേ ലഭിച്ചിരുന്നുള്ളൂ.<br><br>വർഷാവർഷം വർദ്ധിച്ചു വരുന്ന ശമ്പളം, പെൻഷൻ, വൈദ്യുത ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് വരുത്തുവാൻ സാധിച്ചിരുന്നില്ല. ഇവ കാരണം കേരളാ വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് വർഷങ്ങളായി പ്രവർത്തിക്കുന്നത്. ആയതിനാൽ മാസം തോറും വൈദ്യുത ചാർജ്ജ് അടയ്ക്കുവാൻ സാധിച്ചിരുന്നില്ല. |
| (ബി) | വൈദ്യുതി കുടിശിക അടച്ച് തീർക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും ആയത് അടിയന്തരമായി | (ബി) | കേരളാ വാട്ടർ അതോറിറ്റി അതിന്റെ പ്രാരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| | അടച്ച് തീർക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | | ആയതിനാൽ വൈദ്യുത ചാർജ് കുടിശ്ശിക അടച്ചു തീർക്കുവാൻ സാധിച്ചിരുന്നില്ല.<br><br>പ്രതിമാസം നിശ്ചിത തുക വൈദ്യുത ചാർജ് നൽകുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി ബോർഡും (KSEBL) തമ്മിൽ ഒരു എസ്ക്രോ സംവിധാനം ആരംഭിക്കുന്നതിന് 30/10/2023 ലെ GO(Rt)No.7599/2023/FIN പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കേരള വാട്ടർ അതോറിറ്റി മാസംതോറും 9.50 കോടി രൂപ എസ്ക്രോ അക്കൗണ്ട് സംവിധാനം വഴി KSEBL ന് നൽകുവാൻ സമ്മതം അറിയിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിലേക്കായി ജല അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനുള്ള വാട്ടർ ചാർജ് കുടിശ്ശികയും, 2022-23 സാമ്പത്തിക വർഷത്തെ ബാക്കി ലഭിക്കുവാനുള്ള നോൺ പ്ലാൻ കുടിശ്ശികയായ 169 കോടി രൂപയും തനത് വർഷത്തെ നോൺ പ്ലാൻ തുകയിൽ നോൺ സാലറി ഹെഡിലെ തുകയും ഉപയോഗപ്പെടുത്തുവാനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ